പതിനാലാം കേരള നിയമസഭ

അഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. T - 5321 23/05/2017 ൽ മറുപടിക്ക്

## തോട്ടുകളുടെയും കുളങ്ങളുടെയും സംരക്ഷണം

| ചോദ്യം | മറുപടി |
|---|---|
| ഡോ.എൻ. ജയരാജ്<br>ശ്രീ. റോഷി അഗസ്റ്റിൻ | കെ.ടി. ജലീൽ<br>(തദ്ദേശസ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പ് മന്ത്രി) |
| എ) സംസ്ഥാനത്തെ തോട്ടുകളുടെയും കുളങ്ങളുടെയും അരികിലുള്ള വസ്തുവുടമകൾ സ്ഥലം കൈയ്യേറി അവയുടെ യഥാർത്ഥ രൂപം നഷ്ടപ്പെടുത്തുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. |
| ബി) തോട്ടുകളുടെ വീതി സംബന്ധിച്ചുള്ള സ്കെച്ച് ലഭ്യമാണോ; തോട്ടുകളുടെ യഥാർത്ഥ വീതിയിലുള്ള രൂപം കണ്ടെത്താൻ സർവ്വേ നടത്താൻ ഉദ്ദേശിക്കുന്നുണ്ടോ; വിശദമാക്കാമോ; | ബി) ലഭ്യമാണ്. തോട്ടുകളുടെ യഥാർത്ഥ വീതിയിലുള്ള രൂപം കണ്ടെത്താൻ സർവ്വേ നടത്തുന്ന കാര്യം പരിശോധിക്കുന്നതാണ്. |
| സി) തോട്ടുകളുടെ വശങ്ങൾ കൈയ്യേറിയിട്ടുള്ളത് ഒഴിപ്പിച്ച് തോട്ടുകൾ സംരക്ഷിക്കുന്നതിന് നടപടി സ്വീകരിക്കുമോ ;വ്യക്തമാക്കാമോ? | സി) ഗ്രാമപഞ്ചായത്തുകളിൽ നിക്ഷിപ്തമാക്കപ്പെട്ടിട്ടുള്ള തോട്ടുകളുടെ വശങ്ങൾ കയ്യേറിയിട്ടുള്ളത് ശ്രദ്ധയിൽപ്പെട്ടാൽ താലൂക്ക് സർവ്വേയറുടെ സേവനം ആവശ്യപ്പെട്ട് കയ്യേറ്റം കണ്ടെത്തിയാൽ കേരള പഞ്ചായത്ത് രാജ് ആക്റ്റിലെ വ്യവസ്ഥകൾക്ക് അനുസൃതമായി ആയത് ഒഴിപ്പിക്കുന്നതിനുള്ള നടപടികൾ ഗ്രാമപഞ്ചായത്തുകൾ സ്വീകരിച്ചുവരുന്നുണ്ട്. |

സെക്ഷൻ ഓഫീസർ